I/60564/2024

<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
**Email Id: dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471 2325868**

**നം. HSE/5034/2023-Ad C6** **തീയതി :04-05-2024**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം- ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023 - 24 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം - ബഹു.ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന : (1) 16/02/2024 ലെ അന്തിമ സ്ഥലംമാറ്റ ഉത്തരവ്.
(2) ഒ.എ 314/2024 ന്റെ 12/04/2024 ലെ ഉത്തരവ്.
(3) OP (KAT) 192/2024 ന്റെ 25/04/2024 ലെ ഉത്തരവ്.

ശ്രീമതി. സബീല ബി ഉൾപ്പെടെയുള്ളവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നം. 642/2022 ന്റെ 14/07/2023 ലെ ഉത്തരവ്, RA 40/2023 ന്റെ 21/08/2023 തീയതിയിലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം സൂചന (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് അധ്യാപികയായ ശ്രീമതി അനിദർശ ഉൾപ്പെടെയുള്ളവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 314/2024 ൽ 12/04/2024 തീയതിയിലെ വിധിന്യായ ഉത്തരവിൽ Home station & Other transfer list എന്നിവ set aside ചെയ്തുകൊണ്ട് 02/03/2019 ലെ സ.ഉ (സാധാ) നമ്പർ 838/2019/പൊ.വി.വ യിലെ clause 2(ii) പ്രകാരം പുതുക്കിയ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

മേൽ ഉത്തരവിനെതിരെ ശ്രീമതി. പ്രീതി ജി.വി ഫയൽ ചെയ്ത

I/60564/2024

OP(KAT) 192/2024 ലെ 25/04/2024 ലെ സൂചന (3) പ്രകാരമുള്ള വിധിന്യായത്തിൽ താഴെപ്പറയും പ്രകാരം ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നു.

**“ The directions in the impugned order shall not result in the transfer already effected being meddled with in any manner, till the next posting date.”**

പ്രസ്തുത സാഹചര്യത്തിൽ മേൽ ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സൂചന (1) സ്ഥലംമാറ്റ ഉത്തരവ് പ്രകാരം നിലവിലെ സ്കൂളിൽ നിന്നും വിടുതൽ വാങ്ങുകയും പുതിയ സ്കൂളിൽ പ്രവേശനം നേടാൻ സാധിക്കാതിരുന്നവരുമായ എല്ലാ അധ്യാപകരും അടിയന്തിരമായി പുതിയ സ്കൂളിൽ ജോയിൻ ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ആയതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ SPARK ട്രാൻസ്ഫർ ചെയ്തു കഴിഞ്ഞവർക്ക് പുതിയ സ്കൂളിൽ നിന്നും, SPARK ട്രാൻസ്ഫർ ചെയ്തിട്ടില്ലാത്തവർക്ക് ഈ ഒരു തവണകൂടി പഴയ സ്കൂളിൽ നിന്നും ശമ്പളം പ്രോസസ് ചെയ്യാവുന്നതാണ്. പുതിയ സ്കൂളിൽ പ്രവേശനം നേടിയ അധ്യാപകരുടെ SPARK അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. സൂചന (1) ഉത്തരവ് പ്രകാരം റിലീവ് ചെയ്യുകയും എന്നാൽ സ്റ്റേ വന്നതുമൂലം ട്രാൻസ്ഫർ ലഭ്യമായ സ്കൂളുകളിൽ ജോയിൻ ചെയ്യാൻ കഴിയാതിരുന്ന അദ്ധ്യാപകരുടെ പ്രസ്തുത കാലയളവിലെ സർവ്വീസ് സർക്കാർ അനുമതിയോടെ പിന്നീട് ക്രമീകരിച്ച് നൽകുന്നതാണ്.

Signed by
Shanavas S Ias
Date: 04-05-2024 17:59:24

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**